പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2708 **28-10-2026-ൽ മറുപടിയ്ക്ക്**

നെയ്യാർഡാമിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നെയ്യാർഡാമിൽ സംഭരണ ശേഷിയെ ബാധിക്കുന്ന തരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

മറുപടി: കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) കാര്യാലയത്തിൽ 2019-ൽ നെയ്യാർ റിസർവോയറിൽ ബാത്തിമെട്രിക് സർവ്വേ നടത്തി ജലസംഭരണ ശേഷിയും അടിഞ്ഞു കൂടിയ എക്കലിന്റെയും മണലിന്റെയും അളവും തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ നിന്നും 83.5 മീറ്റർ ജലനിരപ്പിൽ റിസർവോയറിന്റെ സംഭരണ ശേഷിയും അടിഞ്ഞു കൂടിയ എക്കലിന്റെയും മണലിന്റെയും അളവും യഥാക്രമം 83.016 Mm3, 12.141 Mm3 ആണ് ലഭ്യമായിട്ടുള്ളത്. മേൽ പഠനത്തിന് ശേഷം 5 വർഷം കൂടുമ്പോൾ റിസർവോയറുകളിൽ നടത്തി വരുന്ന തുടർ പഠനത്തിന്റെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ നെയ്യാർ റിസർവോയറിൽ ബാത്തിമെട്രിക് സർവ്വേ നടത്തി വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ഡാറ്റ പ്രോസസിങും റിപ്പോർട്ട് നടപടി ക്രമങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പഠനറിപ്പോർട്ട് ലഭ്യമായാൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

(ബി) 2021 മുതൽ നെയ്യാർഡാമിൽ നടന്നുവരുന്നതും, അനുമതി ലഭിച്ചതുമായ വിവിധ പദ്ധതികളുടെ അടങ്കൽത്തുക, നിർമ്മാണ പുരോഗതി, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ;

മറുപടി: 2021 മുതൽ നെയ്യാർ ഡാമിൽ അനുമതി ലഭിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) നെയ്യാർഡാമിലെ പിക്നിക് ഹാൾ വർഷങ്ങളായി അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ആയത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

മറുപടി: നെയ്യാർ ഡാമിലെ പിക്നിക് ഹാൾ എന്ന കെട്ടിടം നിലവിൽ പ്രവർത്തന രഹിതമാണെങ്കിലും Irrigation Museum ആക്കുന്നതിനു വേണ്ടി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവർത്തനം നടത്താവുന്നതാണ്.

(ഡി) നെയ്യാർഡാം കേന്ദ്രമാക്കി ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) ന്റെ സഹായത്തോടെ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

മറുപടി: നെയ്യാർഡാം കേന്ദ്രമാക്കി കൺവെൻഷൻ സെന്റർ നിർമ്മാണം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

Sl. No.	Work Name	Amount	Status
Action Plan 2021-22			
1	NIP-Urgent protection work to the right bank of Neyyar river d/s of new bridge	35.00 Lakhs	Completed
2	NIP-Urgent clearing of slided earth and vegetation from right bank & left bank canals	2.50 Lakhs	Completed
3	NIP -Providing and Fixing roof to be benches in the dam and pavilion area.	3 Lakhs	Completed
4	NIP-Maintenance of damaged portion of project house road drain both side at dam campus.	3 Lakhs	Completed
5	NIP-Garden Maintenance of Neyyar Dam and Supplying Ornamental Plants for the year 2021-22	12 Lakhs	Completed
6	NIP-Renovation of Rose garden founden with tank at dam campus and cleaning L.BC side.	3 Lakhs	Completed
7	Maintenance of swimming pool	5 Lakhs	Completed
Action Plan 2022-2023			
8	General-Onam week celebrations 2022-Neyyardam Thiruvananthapuram-Providing temporary illumination, decorative lighting and DG set at neyyar Dam and its premises-temporary electrical work General Civil work	13.50 Lakhs	Completed

9	General-Onam week celebrations 2022-Neyyardam - Renovation of statues and allied works at Neyyardam General Civil work	4 Lakhs	Completed
10	NIP – Garden Maintenance of Neyyar Dam for the year 2022-23 (4 months)	4 Lakhs	Completed
Action Plan 2023-2024			
11	Action Plan 2023-24 Onam week celebration 2023- Neyyar Dam Renovation of statues and allied works at Neyyar Dam	7.03 Lakhs	Completed
12	Action Plan 2023-24 - Onam week celebration 2023- Neyyar Dam, Thiruvananthapuram Providing temporary illumination, Decorative lighting and DG set at Neyyardam and its premises	14 Lakhs	Completed
Action Plan 2024-2025			
13	GENERAL-NIP-Action Plan-2024-25-Garden maintenance and allied works at neyyar dam 2024-2025 in one year. -General Civil Work	20 Lakhs	Completed
Action Plan 2025-2026			
14	General- Urgent water supply pipe diversion Temporary pipe line diversion and reconstruction of supporting foundation for water pipe line at Neyyar Dam Generall Civil Work	2.5 Lakhs	Completed
15	General Onam Week Celebration 2025 Neyyar Dam, Thiruvananthapuram providing	18 Lakhs	Completed

	temporary illumination, decorative lighting and DG set at Neyyar Dam and its premises Temporary work temporary electrical work		
16	General Onam 2025 Renovation of Statues, temporary stage and allied works during Onam 2025 General Civil Work	8 Lakhs	Completed
17	General-NIP-Action Plan 2025-26-NIP-Garden maintenance and allied works for Dam campus for the year 2025-26-General Civil Work	20 Lakhs	Completed
Action Plan 2026-2027			
18	General -NIP- Action Plan 2026-27 Garden maintenanace and allied works-General Civil Work	5	ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.
19	DEPOSIT- Onam Week Celebrations 2026-Neyyar Dam, Thiruvananthapram Providing temporary illumination, Decorative lighting and DG set at Neyyar Dam and its premises-Temporary works-Temporary Electrical Work	20	പ്രവൃത്തി പൂർത്തീകരിച്ചു
20	GENERAL-Action Plan 2026-27 DAM2616 Onam Temporary works-Neyyar DamRennovation of Statues, temporary stage, frames for theme illumination and other allied works during ONAM 2026-General Civil Work	10	പ്രവൃത്തി പൂർത്തീകരിച്ചു
Other works			

21	Destination Development at Neyyar Dam, Thiruvananthapuram.	3.50 Crore	9 Components അടങ്ങിയ ഈ പ്രവൃത്തിയിൽ 4 components 'We Builders' ഏറ്റെടുത്തിട്ടുള്ളതാണ്. മേൽ പ്രവൃത്തിയിൽ cafeteria, parking area, Reception block, Board walk എന്നീ components ആയിരുന്നു ഉൾപെട്ടിരുന്നത്. ഈ components-ൽ parking area മാത്രമാണ് കരാറുകാരൻ പൂർത്തീകരിച്ചത്. നിലവിൽ ഈ കരാർ foreclose ചെയ്തിട്ടുണ്ട്. തുടർന്ന് 5 components ആയ 1. Solar Street lights 2. Bus stand and Signage 3. Boat Jetty & Renovation of auxiliary facilities 4. Landscaping 5. Play area equipment പുതുതായി എഗ്രിമെന്റ് വെയ്ക്കുകയും മറ്റു കരാറുകാർ ഏറ്റെടുക്കുകയും ചെയ്തു. ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
22	General – Anchuchangala survey MFL-Boundary Stone fixing-NIP04/25 – Anchuchangala MFL	74.15 Lakhs	പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ